ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

TIME: 12.30 PM

DATE:11.09.2026

## പ്രധാനവാർത്തകൾ

1. പതിനെട്ടാമത് ബ്രിക്സ് ഉച്ചകോടിക്ക് ഒരുങ്ങി രാജ്യ തലസ്ഥാനം. രണ്ടു ദിവസത്തെ ഉച്ചകോടിക്ക് നാളെ ഭാരത് മണ്ഡപത്തിൽ തുടക്കമാകും.

2. ദിവസവും ഒന്നിലേറെ തവണ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്താൻ നിർബന്ധിതമാകുന്ന സാഹചര്യമാണ് സംസ്ഥാനത്തുള്ളതെന്ന് മന്ത്രി സണ്ണിജോസഫ് .

3. പൊതു വിദ്യാലയങ്ങളിൽ തുടർച്ചയായി ഹാജരാകാതിരിക്കുന്ന കുട്ടികളെ തിരികെ എത്തിക്കുന്നതിനുള്ള കൂടെ പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കമായി. ഠഠഠ

4. കേരളത്തിലെ കാർഷിക ഫാമുകളെ ഫാം-അഗ്രി ടൂറിസം മാതൃകയിൽ ബന്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി ടി. സിദ്ദിഖ്.

5. സംസ്ഥാന സർക്കാരിൻറെ 100 ദിന കർമ്മപരിപാടികളുടെ ഭാഗമായി ഭൂരഹിതർക്കുള്ള പട്ടയമേളയ്ക്ക് തൃശൂരിൽ തുടക്കമായി.

6. ഏഷ്യാ കപ്പ് വനിതാ ട്വന്റി-20 ക്രിക്കറ്റിൽ ബംഗ്ലാദേശിനെ 40 റണ്ണിന് പരാജയപ്പെടുത്തി ഇന്ത്യ ഫൈനലിൽ.

RNU TVPM

## ബ്രിക്സ് ഉച്ചകോടി

പതിനെട്ടാമത് ബ്രിക്സ് ഉച്ചകോടിക്ക് ആതിഥേയത്വം വഹിക്കാൻ രാജ്യ തലസ്ഥാനം ഒരുങ്ങി. രണ്ടു ദിവസത്തെ ഉച്ചകോടിക്ക് നാളെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ തുടക്കമാകും. ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി ലോകനേതാക്കൾ ഡൽഹിയിൽ എത്തിത്തുടങ്ങി. ഇന്ന് ന്യൂഡൽഹി വിമാനത്താവളത്തിലെത്തിയ ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ് സിറിൽ റമഫോസയെയും ഉഗാണ്ടൻ വൈസ് പ്രസിഡന്റ് ജെസീക്ക അലൂപോയെയും കേന്ദ്രമന്ത്രി ജയന്ത് സിംഗ് സ്വീകരിച്ചു. നൈജീരിയ, ഉറുഗ്വേ രാജ്യങ്ങളുടെ വിദേശകാര്യ മന്ത്രിമാരും എത്തിയിട്ടുണ്ട്. ഇന്നലെ രാത്രി ന്യൂഡൽഹിയിലെത്തിയ റഷ്യൻ പ്രസിഡൻറ് വ്ളാഡിമർ പുട്ടിനുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉഭയകക്ഷി ചർച്ച നടത്തും. ഉച്ചകോടിയോടനുബന്ധിച്ച് ദേശീയ തലസ്ഥാനത്ത് കർശന സുരക്ഷാ - ഗതാഗത ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

## സൂക്ഷ്മപരിശോധന

സംസ്ഥാനത്തെ 38 തദ്ദേശഭരണ വാർഡുകളിൽ നടക്കുന്ന ഉപതിരഞ്ഞെടുപ്പിലേക്ക് സമർപ്പിച്ച

RNU TVPM

പത്രികകളുടെ സൂക്ഷ്മപരിശോധന ആരംഭിച്ചു . സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തീയതി ഈ മാസം 14 ആണ്. 28 നാണ് വോട്ടെടുപ്പ്. 29 ന് ഫലം പ്രഖ്യാപിക്കും .

**വൈദ്യുതി പ്രതിസന്ധി(ഇൻട്രോ)**

ദിവസവും ഒന്നിലേറെ തവണ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്താൻ നിർബന്ധിതമാകുന്ന സാഹചര്യമാണ് സംസ്ഥാനത്തുള്ളതെന്ന് മന്ത്രി സണ്ണിജോസഫ് .വൈദ്യുതി പ്രതിസന്ധിയെക്കുറിച്ചു മാധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം .മുമ്പുള്ളതിനേക്കാൾ വൈദ്യുതി ഉപഭോഗം വളരെയേറെ കൂടിയതായും, പീക് അവേഴ്സ് കാലയളവിൽ മാറ്റം വന്നതായും അദ്ദേഹം വ്യക്തമാക്കി. പകൽ സമയങ്ങളിൽ സോളാർ ഊർജ്ജം സംഭരിച്ചു രാത്രിയിൽ ഉപയോഗിക്കാൻ ആകും വിധമുള്ള പദ്ധതികളുടെ നിർമ്മാണ പ്രവർത്തി വിവിധ ജില്ലകളിൽ പുരോഗമിക്കുന്നതായും ശ്രി സണ്ണി ജോസഫ് വ്യക്തമാക്കി.

***(വോയിസ്- സണ്ണി ജോസഫ്)***

**മന്ത്രി ടി. സിദ്ദിഖ്**

RNU TVPM

സംസ്ഥാനത്തെ കാർഷിക ഫാമുകളെ ഫാം-അഗ്രി ടൂറിസം മാതൃകയിൽ ബന്ധിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി ടി. സിദ്ദിഖ്. കാലാവസ്ഥ വ്യതിയാനത്തിന് അനുസൃതമായി കാർഷിക മേഖലയെ സജ്ജമാക്കാനുള്ള പ്രതിജ്ഞാബദ്ധത സർക്കാരിനും പൊതുസമൂഹത്തിനുമുണ്ടെന്നും അദ്ദേഹം പറഞ്ഞു. കർഷകരുടെ സംരക്ഷണം ഉറപ്പാക്കുന്ന വിവിധ പദ്ധതികളാണ് കൃഷിവകുപ്പ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് മന്ത്രി വ്യക്തമാക്കി. തിരുവനന്തപുരം പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടത്തിൽ ***നിറവ് 2026*** കാർഷിക മേള ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

❁❁❁❁❁❁❁❁❁❁❁❁❁

**പട്ടയമേള**

സർക്കാരിന്റെ 100 ദിന കർമ്മ പരിപാടികളുടെ ഭാഗമായി ഭൂരഹിതർക്കുള്ള പട്ടയമേളക്ക് തൃശൂരിൽ തുടക്കമായി. റവന്യൂ മന്ത്രി എ.പി. അനിൽകുമാർ ഉദ്ഘാടനം നിർവ്വഹിച്ചു. സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി എല്ലാ ജില്ലകളിലും പട്ടയ വിതരണം നടക്കും. രാജൻ ജെ. പല്ലൻ എം.എൽ.എ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**പാലക്കാട് (ഇൻട്രോ)**

RNU TVPM

പൊതുവിദ്യാലയങ്ങളിൽ തുടർച്ചയായി ഹാജരാകാതിരിക്കുന്ന കുട്ടികളെ തിരികെ എത്തിക്കുന്നതിനുള്ള ***കൂടെ*** പദ്ധതിക്ക് അട്ടപ്പാടിയിലെ അഗളിയിൽ തുടക്കമായി.സർക്കാരിൻറെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി എൻ.ഷംസുദ്ദീൻ നിർവഹിച്ചു.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.......***

***(വോയിസ്)***

RNU TVPM

**പിഐബി മാധ്യമ പര്യടനം**

തിരുവനന്തപുരം പിഐബി ഉത്തർപ്രദേശിലേക്ക് സംഘടിപ്പിക്കുന്ന മാധ്യമ പര്യടനത്തിൻ്റെ ഭാഗമായി കേരളത്തിൽ നിന്നുള്ള മാധ്യമ സംഘം അയോധ്യയിലെ രാമക്ഷേത്രം സന്ദർശിച്ചു. അയോധ്യയിലെ കളക്ടർ, ഡെപ്യൂട്ടി കളക്ടർ തുടങ്ങിയവരുമായി സംഘം ആശയവിനിമയം നടത്തി. 2020 മുതൽ അയോധ്യയിൽ അടിസ്ഥാന സൗകര്യങ്ങളുടെയും കണക്റ്റിവിറ്റിയുടെയും കാര്യത്തിൽ വലിയ മാറ്റം നടന്നിട്ടുണ്ടെന്ന് ജില്ലാ കളക്ടർ ശശാങ്ക് ത്രിപാഠി പറഞ്ഞു. അയോധ്യയെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായി ബന്ധിപ്പിക്കുന്ന തീർത്ഥാടന

സർക്യൂട്ട് പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശത്തെ അദ്ദേഹം സ്വാഗതം ചെയ്തു.

❁❁❁❁❁❁❁❁❁❁❁❁❁

## കാലാവസ്ഥ

കേരളത്തിൽ കനത്ത ചൂട് തുടരുന്നു. അതേസമയം, ഇന്ന് വിവിധ ഭാഗങ്ങളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഴ മുന്നറിയിപ്പ് നൽകി. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ രാത്രി 11 മണി മുതൽ കേരള തീരത്ത് കടൽക്ഷോഭത്തിന് സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## വനിതാ ഏഷ്യാ കപ്പ്

ഏഷ്യാ കപ്പ് വനിതാ ട്വന്റി-20 ക്രിക്കറ്റിൽ ബംഗ്ലാദേശിനെ 40 റൺസിന് പരാജയപ്പെടുത്തി ഇന്ത്യ ഫൈനലിൽ. ദുബായിൽ നടന്ന സെമിഫൈനലിൽ, 150 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ബംഗ്ലാദേശിന് നിശ്ചിത ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 109 റൺസ് നേടാനേ കഴിഞ്ഞുള്ളൂ. ഇന്ന് രാത്രി 8-ന് നടക്കുന്ന രണ്ടാം സെമിയിൽ പാകിസ്ഥാൻ ശ്രീലങ്കയെ നേരിടും. ഈ മത്സരത്തിലെ വിജയി ഞായറാഴ്ച നടക്കുന്ന ഫൈനലിൽ ഇന്ത്യയുമായി ഏറ്റുമുട്ടും.

## സബ് ജൂനിയർ ഫുട്ബോൾ

സംസ്ഥാന സബ് ജൂനിയർ ഫുട്ബോൾ ചാംപ്യൻഷിപ്പ് നാളെ കോഴിക്കോട്ട് ആരംഭിക്കും. 14 ജില്ലകളെ നാല് ഗ്രൂപ്പുകളായി തിരിച്ചാണ് മത്സരം. 17ന് സെമിഫൈനലും 18ന് ഫൈനലും നടത്തും.

## ഇടുക്കി (ഇൻട്രോ)

വനം-റവന്യൂ വകുപ്പുകൾ തമ്മിലുണ്ടായിരുന്ന തർക്കം ചർച്ചയിലൂടെ പരിഹരിച്ചതിനെ തുടർന്ന് ഇടുക്കി സത്രം എയർ സ്ട്രിപ്പിന്റെ നിർമാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ ധാരണയായി. 800 മീറ്റർ റൺവേ, വിമാനങ്ങൾ പാർക്ക് ചെയ്യാനുള്ള ഹാങ്ങർ, വാച്ച് ടവർ എന്നിവയുടെ നിർമാണം നേരത്തെ പൂർത്തിയായിരുന്നു. നിർമാണത്തിനായി വനം വകുപ്പ് നൽകുന്ന ആറര ഏക്കർ ഭൂമിക്ക് പകരം അതേ അളവിൽ ഭൂമി റവന്യൂ വകുപ്പ് കൈമാറും.

*വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.... (വോയിസ്)*

## മത്സ്യ സമ്പദ യോജന

പ്രധാനമന്ത്രി മത്സ്യ സമ്പദ യോജനയുടെ ഭാഗമായി വിവിധ മത്സ്യബന്ധന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളുടെയും ഉദ്ഘാടനം ഇന്ന് എറണാകുളത്ത് നടക്കും. വൈകിട്ട് നായരമ്പലം ഗ്രാമപഞ്ചായത്ത് ഹാളിൽ മന്ത്രി വി. ഇ. അബ്ദുൽ ഗഫൂർ ഉദ്ഘാടനം നിർവഹിക്കും. ആധുനിക മത്സ്യഗ്രാമ വികസനം, കാലാവസ്ഥാ പ്രതിരോധ മത്സ്യഗ്രാമങ്ങൾ എന്നിവയുടെ ഭാഗമായി പൂർത്തീകരിച്ച വിവിധ പദ്ധതികളുടെ പ്രവർത്തനോദ്ഘാടനവും ചടങ്ങിൽ നടക്കും.

## ദക്ഷിണ റെയിൽവേ

5,068 കിലോമീറ്റർ ബ്രോഡ് ഗേജ് ശൃംഖല പൂർണ്ണമായും വൈദ്യുതീകരിച്ച് ചരിത്രനേട്ടവുമായി ദക്ഷിണ റെയിൽവേ. പട്ടുക്കോട്ടൈ - കാരൈക്കുടി പാതയിലെ 71 കിലോമീറ്റർ വൈദ്യുതീകരണം കൂടി പൂർത്തിയായതോടെയാണ് ഈ നേട്ടം.ബ്രോഡ് ഗേജ് ശൃംഖല പൂർണമായും വൈദ്യുതീകരിച്ചതോടെ, ട്രെയിൻ എഞ്ചിനുകൾ മാറ്റേണ്ട ആവശ്യമില്ലാതെ ദക്ഷിണ റെയിൽവേയിലുടനീളം തടസ്സമില്ലാതെ വൈദ്യുത ട്രെയിനുകൾക്ക് സർവീസ് നടത്താൻ സാധിക്കും.

RNU TVPM

## പൂരം പടയണി

കോട്ടയം നീലംപേരൂർ പൂരം പടയണിക്കുള്ള ഒരുക്കങ്ങളായി . അന്നങ്ങളെയും കോലങ്ങളെയും അലങ്കരിക്കുന്നതിനുള്ള നിറപണികൾ പുലർച്ചെ ആരംഭിച്ചു . രാത്രിയോടെ വല്യന്നവും അന്നങ്ങളും കോലങ്ങളും ക്ഷേത്രാങ്കണത്തിലേക്ക് എഴുന്നള്ളും.

## മണർകാട് ഹരിതോത്സവം

കോട്ടയം മണർകാട് ഹരിതോത്സവം ആരംഭിച്ചു. ഇതിന്റെ ഭാഗമായി മണർകാട് പഞ്ചായത്ത് ബസ്റ്റാൻഡ് കോമ്പൗണ്ടിൽ അലങ്കാര പുഷ്പ - ഫലവൃക്ഷ - മൂല്യ വർധിത ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിപണനവും നടക്കും. രാവിലെ 9 മണി മുതൽ വൈകിട്ട് 7 മണിവരെ നടക്കുന്ന പ്രദർശനത്തിൽ , പ്രവേശനം സൗജന്യമാണ്. ഈ മാസം 20 വരെയാണ് ഹരിതോത്സവം.

RNU TVPM

## ഓഹരി -സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 366 പോയിന്റ് ഇടിഞ്ഞ് 74,537 ലും നിഫ്റ്റി 133 പോയിന്റ് നഷ്ടത്തിൽ 23,343 ലും വ്യാപാരം തുടരുന്നു.

സ്വർണ്ണവില കുറഞ്ഞു. പവന് 1,920 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 12,120 രൂപയും ഗ്രാമിന് 14,015 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM